## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6029** **17-03-2023 - ൽ മറുപടിയ്ക്ക്**

## ചാരുമ്മൂട് സിവിൽ സ്റ്റേഷൻ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2020-21 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ തുക അനുവദിച്ച ചാരുമ്മൂട് സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | ചാരുമ്മൂട് സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു.എം.എൽ.എ യുടെ 22/08/2022 ലെ നിവേദനം ധനവകുപ്പ് പരിശോധിക്കുകയും, പ്രസ്തുത വിഷയത്തിൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഭരണവകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു. ആയതിൻ പ്രകാരം 522.5 ലക്ഷം രൂപയുടെ ഭരണാനുമതിക്ക് പ്രൊപ്പോസൽ സമർപ്പിച്ചു. എന്നാൽ ഭരണവകുപ്പ് സമർപ്പിച്ച എസ്റ്റിമേറ്റ് 12% GST ഉൾപ്പെടുത്തിയതും PRICE സോഫ്റ്റ് വെയറിൽ അംഗീകരിക്കാത്തതുമായിരുന്നു. ആയതിനാൽ, പ്രസ്തുത ന്യൂനതകൾ പരിഹരിച്ച്, GST 18% ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് സഹിതം ഫയൽ പുനർസമർപ്പിക്കുവാൻ ഭരണവകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബഡ്ജറ്റിൽ 20% പ്രൊവിഷൻ അനുവദിച്ചിട്ടുള്ള പ്രസ്തുത പ്രവൃത്തി, ഭരണ വകുപ്പിൽ നിന്ന് പുതിയ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ